روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# വിശ്വാസിയുടെ അടയാളങ്ങൾ

25/08/2023

sufaraulislam.com

بسم الله الرحمن الرحيم

- ജീവിതം ദുരന്തമാവാൻ ആഗ്രഹിക്കാറില്ല. പ്രതീക്ഷിക്കാത്ത സമയത്ത് ദുരന്തങ്ങൾ സംഭവിക്കാം. പക്ഷെ, കരകയറാനും രക്ഷപ്പെടുത്താനും അനേകം അവസരങ്ങൾ ഈ ദുനിയാവിലുണ്ട്.
- എന്നാൽ പരലോകത്ത് നമ്മുടെ ജീവിതം ദുരന്തമായാലോ?
- അവിടെ സഹായത്തിനും രക്ഷപ്പെടുത്താനും ആരും ഉണ്ടാവില്ല.

وَاتَّقُوا يَوْمًا لَّا تَجْزِي نَفْسٌ عَن نَّفْسٍ شَيْئًا وَلَا يُقْبَلُ مِنْهَا شَفَاعَةٌ وَلَا يُؤْخَذُ مِنْهَا عَدْلٌ وَلَا هُمْ يُنصَرُونَ ﴿٢/٤٨﴾

**വിശ്വാസിയായി ഈ ലോകത്ത് ജീവിക്കുക. അവർക്ക് മാത്രമാണ് പരലോകത്ത് വിജയം നേടിയെടുക്കാൻ സാധിക്കുക.**

قُلْنَا اهْبِطُوا مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَن تَبِعَ هُدَايَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾ وَالَّذِينَ كَفَرُوا وَكَذَّبُوا بِآيَاتِنَا أُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ ﴿٣٩﴾

- **നാല് കാര്യങ്ങൾ നമ്മിലുണ്ടായാൽ നാം വിശ്വാസിയാണ്.**

| | | |
|---|---|---|
| الأُولَى :العِلْمُ، وَهُوَ :مَعْرِفَةُ اللَّهِ، وَمَعْرِفَةُ نَبِيِّهِ، وَمَعْرِفَةُ دِينِ الإِسْلَامِ بِالأَدِلَّةِ. | | |
| الثَّانِيَةُ: العَمَلُ بِهِ. | الثَّالِثَةُ: الدَّعْوَةُ إِلَيْهِ. | الرَّابِعَةُ: الصَّبْرُ عَلَى الأَذَى فِيهِ. |

**1. അറിവ് ( അല്ലാഹുവിനെ, റസൂലിനെ, മതത്തെ അറിയണം)**

**നമുക്ക് ഈ അറിവുണ്ടോ?**

നമ്മുടെ ജീവിതത്തിൽ നേടിയെടുക്കേണ്ട നിർബന്ധമായ അറിവാണിത്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് (റഹി) പറഞ്ഞു:**

فَإِذَا قِيلَ لَكَ :مَا الأُصُولُ الثَّلَاثَةُ التِي يَجِبُ عَلَى الإِنْسَانِ مَعْرِفَتُهَا؟ فَقُلْ: مَعْرِفَةُ الْعَبْدِ ربه ودينه ونبيه محمد ﷺ.

ഒരു മനുഷ്യൻ നിർബന്ധമായും പഠിച്ചിരിക്കേണ്ട മൂന്ന് അടിത്തറകൾ ഏതൊക്കെയാണെന്ന് നിന്നോട് ചോദിക്കപ്പെട്ടാൽ നീ പറയണം, ഒരു അടിമ തന്റെ

റബ്ബിനേയും അവന്റെ മതത്തേയും അവന്റെ പ്രവാചകനേയും പഠിക്കലാകുന്നു അത്.

**ഈ നാലു കാര്യങ്ങൾക്കുമുള്ള വിശുദ്ധ ക്വുർആനിലെ തെളിവ്**

وَالْعَصْرِ إِنَّ الْإِنسَانَ لَفِي خُسْرٍ إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ

❖ **സ്വഹാബികൾ പരസ്പരം കണ്ടുമുട്ടിയാൽ.**

عَنْ عَبْدِ اللَّهِ بْنِ حَصْنٍ [أَبِي مَدِينَةَ]، قَالَ: كَانَ الرَّجُلَانِ مِنْ أَصْحَابِ رَسُولِ اللَّهِ ﷺ إِذَا الْتَقَيَا، لَمْ يَتَفَرَّقَا إِلَّا عَلَى أَنْ يَقْرَأَ أَحَدُهُمَا عَلَى الْآخَرِ سُورَةَ الْعَصْرِ إِلَى آخِرِهَا، ثُمَّ يُسَلِّمُ أَحَدُهُمَا عَلَى الْآخَرِ.

നബി ﷺ യുടെ സ്വഹാബികളിൽ രണ്ട് പേർ തമ്മിൽ കണ്ടുമുട്ടിയാൽ, ഒരാൾ മറ്റൊരാളെ സൂറത്തുൽ അസ്വർ ആദ്യന്തം ഓതി കേൾപ്പിക്കാതെ അവർ പിരിഞ്ഞു പോകാറില്ല. അനന്തരം ഒരാൾ മറ്റെയാൾക്ക് സലാം ചൊല്ലി (പിരിഞ്ഞ്) പോകും. (സിൽസിലത്തു സ്വഹീഹ)

❖ **ഇമാം ശാഫിഈ (റ) പറഞ്ഞു:**

وَقَالَ الشَّافِعِيُّ، رَحِمَهُ اللَّهُ: لَوْ تَدَبَّرَ النَّاسُ هَذِهِ السُّورَةَ، لَوَسِعَتْهُمْ.

ഇമാം ശാഫീ (റഹി) പറഞ്ഞു: ഈ സൂറത്തല്ലാതെ മറ്റൊന്നും ജനങ്ങൾക്ക് അവതരിച്ചിട്ടില്ലായിരുന്നുവെങ്കിലും അവർക്ക് ഇത് മതിയാകുമായിരുന്നു.

❖ **എന്തിന് ഇത് പഠിക്കണം എന്ന ചോദ്യത്തിനുള്ള മറുപടി.**

**കബറിലെ ചോദ്യങ്ങൾ തന്നെ ഈ വിഷയത്തിലാണ്.**

فَيَأْتِيهِ آتٍ فَيَقُولُ :مَنْ رَبُّكَ؟ مَا دِينُكَ؟ مَنْ نَبِيُّكَ؟ فَيَقُولُ: رَبِّيَ اللّٰهُ، وَدِينِيَ الْإِسْلَامُ، وَنَبِيِّ مُحَمَّدٌ ﷺ،

**അവിശ്വാസി കൊടുക്കുന്ന മറുപടി**

فَيَأْتِيهِ آتٍ فَيَقُولُ :مَنْ رَبُّكَ؟ مَا دِينُكَ؟ مَنْ نَبِيُّكَ؟ فَيَقُولُ: لَا أَدْرِي،

അല്ലാഹുവാണ് എന്റെ റബ്ബ് എന്നു പറയണമെങ്കിൽ റബ്ബിനെക്കുറിച്ച് നാം അറിയണം.

**ആരാണ് റബ്ബ്?**

**എല്ലാ വസ്തുക്കളുടെയും സൃഷ്ടാവ്.**

الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ

**എങ്ങനെയാണ് അവനെക്കുറിച്ച് പഠിക്കുക?**

ഈ പ്രപഞ്ചത്തിലെ ഏതൊരു വസ്തുവിനെക്കുറിച്ച് പഠിച്ചാലും അല്ലാഹുവിനെ മനസ്സിലാക്കാൻ വിശ്വാസിക്ക് കഴിയും

**ഒട്ടകത്തിന്റെ സൃഷ്ടിപ്പിലേക്ക് നോക്കുന്നില്ലേ?**

أَفَلَا يَنظُرُونَ إِلَى الْإِبِلِ كَيْفَ خُلِقَتْ ﴿١٧﴾

## A. ഒട്ടകത്തിന്റെ കണ്ണുകൾ

- മരുഭൂമിയിൽ അടിക്കടിയുണ്ടാകാറുള്ള ഒരു പ്രതിഭാസമാണ ശക്തമായ മണൽ ക്കാറ്റ്.
- ഒട്ടകമൊഴികെയുള്ള മറ്റുജീവികൾ അവയുടെ മാളങ്ങളിലൊളിച്ചാണ് ഇതിൽ നിന്ന് രക്ഷപ്പെടാറുള്ളത്.
- എന്നാൽ ഒട്ടകത്തിന് ഇതിൽനിന്ന് രക്ഷപ്പെടാൻ പ്രത്യേക സംവിധാനങ്ങളു ണ്ട്.
- ഒട്ടകത്തിന്റെ കണ്ണുകൾക്ക് ഒന്നിനു മുകളിൽ ഒന്നായി രണ്ടുനിര കൺപീലിക ൾ ഉണ്ട്. ഇവ കണ്ണിൽ വന്ന് പതിക്കാനിടയുള്ള മണൽത്തരികളെയും മറ്റും തട ഞ്ഞുനിർത്തുന്നു.
- ഇവയുടെ കണ്ണിനുള്ളിലെ മറ്റൊരു സംവിധാനം അവയുടെ കൺപോളയാണ്.
- മുകളിലും താഴെയുമുള്ള കൺപോളകൾ കൂടാതെ മൂന്നാമതൊരു കൺപോള കൂ ടി ഇവയ്ക്കുണ്ട്.
- അതാകട്ടെ നേർത്തതും സുതാര്യവുമാണ്. മണൽക്കാറ്റുള്ള സന്ദർഭത്തിൽ ഒട്ട കം ഈ നേർത്ത പോളകൊണ്ട് കണ്ണു മൂടുന്നു. എന്നാൽ അത് സുതാര്യമായതു കൊണ്ട് അതിലൂടെ പുറമേക്ക് കാണാവുന്നതുമാണ്!
- മണൽക്കാറ്റുള്ള സന്ദർഭത്തിലും അവയ്ക്ക് മണൽത്തരികൾ കണ്ണിൽ വീഴാതെ യും കാഴ്ചയ്ക്ക് തടസ്സം വരാതെയും മുന്നോട്ടുനീങ്ങാം.

## B. ചെവികൾ

- ചെവികൾ രോമനിബിഢമാണ്. അത് ചെവിക്കകത്തേക്ക് ഏതെങ്കിലും വിധത്തിൽ മണൽത്തരികൾ പ്രവേശിക്കുന്നത് തടയുന്നു.

## C. കാലുകൾ

- നീളമേറിയ കാലുകൾ ഒട്ടകത്തിന്റെ പ്രത്യേകതയാണ്. ശക്തമായ ചൂടുള്ള മണൽ പ്രതലത്തിൽ നിന്ന് ശരീരഭാഗം ഉയർന്നു നിൽക്കാനും അതുവഴി ചൂട് ശരീരത്തിലേക്ക് പ്രസരിക്കുന്നത് തടയാനും നീളമേറിയ കാലുകൾ സഹായിക്കുന്നു.

## D. ജലനഷ്ടം തടയാനുള്ള മാർഗങ്ങൾ

- ജീവജാലങ്ങൾക്ക് ജീവൻ നിലനിർത്താൻ അത്യാവശ്യമായ ഘടകമാണ് വെള്ളം. മരുഭൂമിയിൽ ജലത്തിന്റെ ലഭ്യതക്കുറവിനെ കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ.
- ജലത്തിന്റെ ലഭ്യതയില്ല എന്ന് മാത്രമല്ല, ശക്തമായ സൂര്യതാപം ശരീരത്തിലുള്ള വെള്ളത്തെക്കൂടി വലിച്ചെടുക്കുകയും ചെയ്യും.
- എന്നാൽ ഈ രണ്ട് പ്രശ്നങ്ങളെയും പ്രതിരോധിക്കാൻ ഒട്ടകത്തിൻറെ ശരീരത്തിൽ സംവിധാനങ്ങളുണ്ട്.
- ഒട്ടകം അടിക്കടി മൂത്രമൊഴിക്കാറില്ല. മാത്രവുമല്ല എപ്പോഴെങ്കിലും മൂത്രമൊഴിക്കുമ്പോൾതന്നെ നന്നേ കുറഞ്ഞ അളവിൽ മാത്രമെ മൂത്രം പുറംതള്ളുകയുള്ളൂ
- ദിവസങ്ങളോളം വെള്ളമില്ലാതെ പിടിച്ചുനിൽക്കാനുതകുന്ന ശരീര സംവിധാനമാണ് ഒട്ടകത്തിന്റേത്. ശാരീരികമായി അധ്വാനമുള്ളപ്പോൾ 10 ദിവസത്തോളവും വിശ്രമാവസ്ഥയിൽ മാസങ്ങളോളം പോലും വെള്ളം കുടിക്കാതെ മരുഭൂമിയിലെ ചൂടിൽ ഒട്ടകത്തിനു പിടിച്ചുനിൽക്കാനാകും!
- വെള്ളം കാണുന്നപക്ഷം അത് ദാഹം തീരുവോളം വെള്ളം കുടിക്കും. 3 മിനുട്ടിനുള്ളിൽ 200 ലിറ്റർ വെള്ളം വരെ ഒട്ടകം ഒറ്റ നിൽപിൽ വലിച്ചുകുടിക്കും!
- വെള്ളം ലഭിക്കുന്ന സമയത്ത് ധാരാളം കുടിച്ച് മിച്ചം വന്നത് സൂക്ഷിച്ചുവെക്കാനും ഒട്ടകത്തിനു സംവിധാനമുണ്ട്. അധികമുള്ള വെള്ളവും ഭക്ഷണവും കൊഴുപ്പുരൂപത്തിലേക്ക് മാറ്റി മുതുകിലെ പൂഞ്ഞയിൽ സൂക്ഷിക്കപ്പെടുന്നു. പിന്നീട് ആ

വശ്യാനുസരണം ഈ കൊഴുപ്പിനെ ശരീരം വെള്ളമാക്കി മാറ്റി ഉപയോഗിക്കുന്നു.

**ഇവിടെയാണ് ഈ ചോദ്യം പ്രസക്തമാവുന്നത്.**

أَفَلَا يَنظُرُونَ إِلَى الْإِبِلِ كَيْفَ خُلِقَتْ ﴿١٧﴾

ഇങ്ങനെ മനുഷ്യനടക്കമുള്ള സകല ജീവികകളെയും സംവിധാനിച്ചവനാണ് റബ്ബ്.

قَالَ فَمَن رَّبُّكُمَا يَا مُوسَىٰ ﴿٤٩﴾ قَالَ رَبُّنَا الَّذِي أَعْطَىٰ كُلَّ شَيْءٍ خَلْقَهُ ثُمَّ هَدَىٰ ﴿٥٠﴾

അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്"

❖ **ആരാണ് അല്ലാഹു എന്നു നാം പഠിക്കണം.**

**പഠിച്ചാൽ ലഭിക്കുന്ന നേട്ടങ്ങൾ**

**1. പ്രതിസന്ധികളിൽ അവനുണ്ടാകും**

**മൂസാ നബി (അ) യെ രക്ഷപ്പെടുത്തിയ റബ്ബ്.**

فَلَمَّا تَرَاءَى الْجَمْعَانِ قَالَ أَصْحَابُ مُوسَىٰ إِنَّا لَمُدْرَكُونَ ﴿٦١﴾ قَالَ كَلَّا إِنَّ مَعِيَ رَبِّي سَيَهْدِينِ ﴿٦٢﴾ فَأَوْحَيْنَا إِلَىٰ مُوسَىٰ أَنِ اضْرِب بِّعَصَاكَ الْبَحْرَ فَانفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ ﴿٦٣﴾ وَأَزْلَفْنَا ثَمَّ الْآخَرِينَ ﴿٦٤﴾ وَأَنجَيْنَا مُوسَىٰ وَمَن مَّعَهُ أَجْمَعِينَ ﴿٦٥﴾ ثُمَّ أَغْرَقْنَا الْآخَرِينَ ﴿٦٦﴾ إِنَّ فِي ذَٰلِكَ لَآيَةً وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٦٧﴾

**ദുന്നൂൻ പ്രവാചകനെ രക്ഷപ്പെടുത്തിയ റബ്ബ്.**

وَذَا النُّونِ إِذ ذَّهَبَ مُغَاضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِي الظُّلُمَاتِ أَن لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ ﴿٨٧﴾

**മുഹമ്മദ് നബി (സ്വ) യെ സഹായിച്ച റബ്ബ്.**

إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا

**2. സ്വർഗം നേടാം.**

عَنْ عُثْمَانَ، قَالَ: قَالَ رَسُولُ اللهِ ﷺ :مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لَا إِلَهَ إِلَّا اللهُ، دَخَلَ الْجَنَّةَ

### 3. പാപങ്ങൾ പൊറുത്തു തരും.

إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا ﴿٤٨﴾

عن ابن مسعود رضي الله تعالى عنه قال: التوبة النصوح تُكفِّر كل سيئة.

﴿وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ﴾ [النور:٣١].

### 4. ശിക്ഷിക്കുന്നവനാണ് എന്ന ഭയം.

## عَبْدُ اللَّهِ بْنُ رَوَاحَةَ

عَنْ قَيْسِ بْنِ أَبِي حَازِمٍ، قَالَ :بَكَى عَبْدُ اللَّهِ بْنُ رَوَاحَةَ فَبَكَتِ امْرَأَتُهُ، فَقَالَ: مَا يُبْكِيكِ؟ قَالَتْ: رَأَيْتُكَ تَبْكِي فَبَكَيْتُ، قَالَ: إِنِّي نُبِّئْتُ أَنِّي وَارِدُهَا وَلَمْ أُنَبَّأْ أَنِّي صَادِرُهَا «هَذَا حَدِيثٌ صَحِيحٌ عَلَى شَرْطِ الشَّيْخَيْنِ وَلَمْ يُخْرِجَاهُ

وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا مَّقْضِيًّا ﴿٧١﴾ ثُمَّ نُنَجِّي الَّذِينَ اتَّقَوا وَّنَذَرُ الظَّالِمِينَ فِيهَا جِثِيًّا ﴿٧٢﴾

**തുടരും. ഇൻഷാ അള്ളാഹ്**

---

- റൌദത്തുൽ ഖുത്തബാഉന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+966581416662) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.